(സി) ഗ്രാമസേവകർ നിർവഹിച്ചിരുന്ന പ്രസ്തുത ചുമതല അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് നൽകിയത് എസ്.സി. എസ്.ടി. പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ ഈ തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളുടെ ചുമതലകളിലും ഉത്തരവാദിത്വങ്ങളിലും ഭേദഗതി വരുത്തിയാണ് എസ്.സി./എസ്.ടി. പദ്ധതികളുടെ നടത്തിപ്പ് ചുമതല കൂടി നൽകിയിട്ടുള്ളത്.

(ബി) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശിപാർശ പരിശോധിച്ചാണ് സർക്കാർ എസ്.സി./എസ്.ടി. പദ്ധതികളുടെ നടത്തിപ്പ് ചുമതല പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് നൽകിയത്.

(സി) ബാധിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കും വൈ-ഫൈ നെറ്റ് സൗകര്യവും

216 (1634) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇൻഫർമേഷൻ കിയോസ്കും വൈഫൈ നെറ്റ് സൗകര്യവും ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; എന്നത്തേക്ക് ഇത് ആരംഭിക്കാൻ കഴിയും ?

ഉത്തരം

എല്ലാ ഗ്രാമപഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ്വർക്ക് സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിലവിൽ പദ്ധതികൾ ഒന്നുംതന്നെ ഇല്ല. എന്നാൽ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോണിൽനിന്നും വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ അനുമതിക്കായി അയയ്ക്കുകയും ചെയ്തിരുന്നു. ടി വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതിനായി, ബൾക്ക് പർച്ചേസിലൂടെയാണോ ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങുന്നത് തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly